**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366** | **23-07-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി ക്ഷേമത്തിനുള്ള കേന്ദ്ര ഫണ്ടിന്റെ തട്ടിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കി വരുന്ന വകുപ്പിന്റെ വിവാഹ ധനസഹായം, പഠനമുറി ധനസഹായം എന്നീ പദ്ധതികളിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ളതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. (എന്നാൽ ഇവ കേന്ദ്ര ഫണ്ടല്ല). ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരെ കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും. ടി ഓഫീസിലെ എസ്.സി. പ്രൊമോട്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന രണ്ടുപേരെ സേവനത്തിൽ നിന്നും പിരിച്ചു വിടുകയും ചെയ്തിട്ടുണ്ട്. ടി ആളുകൾക്കെതിരെ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനോടൊപ്പം 2016-19 കാലയളവിൽ ടി ഓഫീസിൽ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-1 ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്ത് ടിയാളുകൾക്കെതിരെ വകുപ്പുതല അന്വേഷണം തുടർന്നു വരുന്നു. കൂടാതെ ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ പട്ടികജാതി വികസന ഓഫീസിൽ വിശദമായ വകുപ്പുതല ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ ടി ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറെ സസ്പെന്റ് ചെയ്യുകയും, വകുപ്പിലെ ജോയിന്റ് ഡയറക്ടർ (വിജിലൻസ്) ന്റെ നേതൃത്വത്തിലുള്ള ഒരു ടീം ടി വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ആയതിനോടൊപ്പം ടി വിഷയത്തിൽ പോലീസിൽ പരാതി നൽകി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫണ്ടിന്റെ വിതരണം ട്രഷറി മുഖേനയാണോ നടക്കുന്നത് ; എങ്കിൽ ഫണ്ട് വിതരണത്തിൽ തിരിമറി നടക്കാൻ കാരണമായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവാഹ ധനസഹായം, പഠനമുറി ധനസഹായം, ഭവന നിർമ്മാണ ധനസഹായം എന്നിവയുമായി ബന്ധപ്പെട്ട ഫണ്ടിന്റെ വിതരണം ട്രഷറി മുഖേനയാണ് നടന്നു വരുന്നത്. BIMS Software മുഖേന വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന അവസരത്തിൽ ടി ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പറിന് പകരം മറ്റ് അക്കൗണ്ടുകളിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. |
| (സി) | ഇത്തരത്തിൽ തട്ടിയെടുത്ത പണം ഏതെങ്കിലും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയിലെ നേതാക്കളുടെ ബന്ധുക്കളുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | പട്ടികജാതി വികസന വകുപ്പിന്റെ വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (ഡി) | ഇപ്രകാരം പട്ടികജാതി ക്ഷേമ ഫണ്ടിൽ തിരിമറി നടത്തി പാർശ്വവൽകൃത ജനസമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായ നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളായ പഠനമുറി നിർമ്മാണം, ഭവന നിർമ്മാണ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ഓൺലൈൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ സാമ്പത്തിക ക്രമക്കേട് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ ബന്ധപ്പെട്ട് സൈറ്റുകളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ